# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.639 — 29/10/2019-ൽ മറുപടിക്ക്

## വൈദ്യുതി ബോർഡിന് ലഭിച്ച ഭൂമിയുടെ കൈമാറ്റം

| | ചോദ്യം<br><br>**ശ്രീ.പി.ടി. തോമസ്**<br>**,, അൻവർ സാദത്ത്** | | മറുപടി<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | പൊൻമുടി പദ്ധതിക്കായി വൈദ്യുതി ബോർഡിന് സർക്കാർ പതിച്ച് നൽകിയ ഭൂമി, വൈദ്യുതി ബോർഡ് രാജാക്കാട് സഹകരണ ബാങ്കിന് ഹൈഡൽ ടൂറിസം പദ്ധതിക്കായി കൈമാറുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) യും<br><br>(ബി) യും<br><br>(ഡി) യും | പൊൻമുടി ഡാം പ്രദേശത്ത് കെ.എസ്.ഇ.ബി. യുടെ കൈവശമുള്ള 76 എക്കർ സ്ഥലത്തിൽ 21 എക്കർ സ്ഥലം ഹൈഡൽ ടൂറിസത്തിന്റെ മേൽ നോട്ടത്തിൽ ഒരു അമ്യൂസ്മെന്റ് പാർക്ക് തുടങ്ങുന്നതിനായി ഏകദേശം 5-10 കോടി രൂപ നിർമ്മാണചിലവ് കണക്കാക്കപ്പെടുന്ന ഈ പദ്ധതിക്കായി കെ.എച്ച്.റ്റി.സി ടെണ്ടർ ക്ഷണിക്കുകയും, സഹകരണ മേഖലയ്ക്ക കീഴിൽ വരുന്ന 3 സ്ഥാപനങ്ങൾ മേൽ ടെണ്ടറിൽ പങ്കെടുക്കുകയും കെ.എച്ച്.റ്റി.സി - യ്ക്ക് ഉയർന്ന വരുമാന പങ്കാളിത്തം ആയ 20% വാഗ്ദാനം ചെയ്ത രാജാക്കാട് സഹകരണബാങ്കിന് വർക്ക് അവാർഡ് ചെയ്യുകയും ചെയ്തു. ടെണ്ടർ പ്രകാരം പ്രസ്തുത പദ്ധതിയുടെ പണികൾ കെ.എച്ച്.റ്റി.സി - യുടെ മേൽ നോട്ടത്തിലും സാമ്പത്തിക ചെലവുകൾ രാജാക്കാട് സഹകരണബാങ്കിന്റെയും നേതൃത്വത്തിൽ നടത്തുകയുണ്ടായി.<br><br>മേൽ വിഷയങ്ങൾ 28.02.2019 -ൽ കൂടിയ കെ.എസ്.ഇ.ബി – യുടെ മുഴുവൻ സമയ ഡയറക്ടർമാരുടെ യോഗത്തിൽ അവതരിപ്പിക്കുകയും, വ്യവസ്ഥകൾക്ക് വിധേയമായി പൊൻമുടി ഡാമിൽ ടൂറിസം പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അനുവാദം നൽകുകയും ചെയ്തു. |
| (ബി) | ഈ തീരുമാനത്തിന് വൈദ്യുതി ബോർഡിലെ ഫുൾ ബോർഡിന്റെ അംഗീകാരമുണ്ടോ; ഉണ്ടെങ്കിൽ എന്ന് കൂടിയ ബോർഡാണ് അംഗീകാരം നൽകിയതെന്ന് വ്യക്തമാക്കുമോ ; | | |
| (ഡി) | രാജാക്കാട് സഹകരണ ബാങ്കിന്റെ പ്രസിഡന്റ് വൈദ്യുതി വകുപ്പ് മന്ത്രിയുടെ അടുത്ത ബന്ധുവായതി നാലാണ് ഭൂമി കൈമാറുവാൻ തീരുമാനിച്ചത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ തീരുമാനം പുന:പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

| | | | |
|---|---|---|---|
| (സി) | പ്രത്യേക പദ്ധതിക്കായി വൈദ്യുതി ബോർഡിന് സർക്കാർ കൈമാറിയ ഭൂമി മറ്റൊരു സർക്കാരേതര സ്ഥാപനത്തിന് കൈമാറുന്നതിന് മുമ്പ് റവന്യൂ വകുപ്പിന്റെ അനുമതി തേടിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ട്; വ്യക്തമാക്കുമോ ; | (സി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ